بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 26.12.14 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

**26.12.14 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

തശ്ശഹുദും തഅവ്വുദും സൂറാ ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ അയ്യദുല്ലാഹു തആല ബിനസ്രിഹിൽ അസീസ് പറഞ്ഞു:

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ഖാദിയാനിൽ ജൽസാ സാലാന ആരംഭിച്ചിരിക്കുകയാണ്. അതുപോലെ തന്നെ ലോകത്ത് മറ്റ് പല രാജ്യങ്ങളിലും ഈ ദിനങ്ങളിൽ ജൽസാ സാലാന നടക്കുന്നുണ്ട്. ഖാദിയാനിൽ മാത്രം ജൽസാ സാലാന നടന്ന ഒരു കാലമുണ്ടായിരുന്നു. പിന്നീട് വിഭജനത്തിനു ശേഷം പാക്കിസ്താനിലും ജൽസാ സാലാനക്ക് തുടക്കം കുറിച്ചു. എന്നാൽ അഹ്മദിയ്യത്തിന്റെ എതിരാളികൾക്കും ഭരണകൂടങ്ങൾക്കും അഹ്മദികൾ പാക്കിസ്താനിൽ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും നാമം സമരിക്കുന്നത് രസിച്ചില്ല. അക്കാരണത്താൽ പാക്കിസ്താനിൽ ജൽസകൾക്ക് വിലക്കേർപ്പെടുത്തുകയുണ്ടായി. അങ്ങനെ പാക്കിസ്താനിൽ വസിക്കുന്ന ലക്ഷക്കണക്കിന് അഹ്മദികളെ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും നാമം സ്മരിക്കുന്നതിൽ നിന്ന് തടയാൻ സാധിച്ചുവെന്ന് അവർ വിചാരിച്ചു. ഓരോ വർഷവും ഡിസംബർ മാസം വരുമ്പോൾ പാക്കിസ്താൻ നിവാസികളായ അഹ്മദികൾ ജൽസയുമായി ബന്ധപ്പെട്ട് വളരെ വികാരാവേശത്തിലാകാറുണ്ട്. ഇവരുടെ ഈ ആവേശം അല്ലാഹുവിന്റെ സന്നിധിയിൽ അവന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചു കൊണ്ട്, എല്ലാ എതിർപ്പിനെയും പ്രയാസങ്ങളെയും ചങ്ങലകൾ കണക്കെ ഒഴുക്കിക്കളയുമാറായിത്തീരട്ടെ!

ലോകത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന ഈ അനുഗ്രഹങ്ങളിൽ നിന്ന് പാക്കിസ്താനിലെ അഹ്മദികളും പ്രയോജനപ്പെടുത്തുമാറാകട്ടെ. എതിരാളികൾ, എന്നല്ല ഏതൊക്കെ ഭരണകൂടങ്ങൾ വന്നുവോ അവയൊക്കെ ശത്രുക്കളുടെ ചുമലിൽ കൈവെച്ച് കൊണ്ട് പറഞ്ഞത് പാക്കിസ്താനിൽ അഹ്മദിയ്യാ ജമാഅത്തിനെ വിലക്കിക്കൊണ്ട് അതിന്റെ വളർച്ചയെ തടയുമെന്നാണ്. എന്നാൽ സംഭവിച്ചതെന്താണ്. വാഗ്ദത്ത മസീഹ് സ്ഥാപിച്ച ഈ ജൽസ അന്തർദേശീയ നിലവാരത്തിലേക്ക് ഉയരുകയാണുണ്ടായത്. അഹ്മദികൾ മാത്രമല്ല വിവിധ രാജ്യങ്ങളിലെ നേതാക്കളും മറ്റു മതവിശ്വാസികളും സൽപ്രകൃതക്കാരായ ചില മുസ്ലിംകൾ പോലും പറയുന്നത് അഹ്മദിയ്യാ ജമാഅത്ത് സംഘടിപ്പിക്കുന്ന ജൽസ സാലാന ലോകത്തിന് യഥാർഥ ഇസ്ലാമിനെ പരിചയപ്പെടുത്തിക്കൊണ്ട് അതിന്റെ സുന്ദരപാഠങ്ങളെയാണ് വെളിപ്പെടുത്തുന്നത്. ഇത് അല്ലാഹുവിന്റെ വിധികളിൽപ്പെട്ട ഒരു വിധിയാണ്. ഇതിനെ സംബന്ധിച്ച് ഹദ്റത് മസീഹ് മൗഊദ് (അ) തന്നെ വളരെ വ്യക്തമായും പറയുന്നു. ഈ ജൽസയെ ജനങ്ങളുടെ സാധാരണ ജൽസയായി ഗണിക്കരുത്. തീർത്തും ദൈവിക പിന്തുണയുടെയും ഇസ്ലാമിക കലിമയുടെയും അടിസ്ഥാനത്തിലുള്ള സംഗതിയാണ് ഇത്. അതായത് ലോകത്ത് ഇസ്ലാമിന്റെ ഉയർത്തപ്പെടുന്ന ജൽസയാണിത്. എന്തെന്നാൽ ഈ ജലസയിൽ വരുന്നവർ വൈജ്ഞാനിക കർമാവസ്ഥകളിൽ ഒരു വിപ്ലവം സംജാതമാക്കുന്ന കാര്യങ്ങൾ പഠിക്കുന്നതാണ്. അവരുടെ വൈജ്ഞാനിക കർമാവസ്ഥകളിലൂടെ മാറ്റം ലോകത്തിന് ഇസ്ലാമിന്റെ സൗന്ദര്യം അതിന്റെ പരിപൂർണതയും മറ്റു മതങ്ങളുടെ മേലുള്ള അതിന്റെ ശ്രേഷ്ഠതയും തെളിയിക്കുന്നതാണ്. മനുഷ്യന്റെ പ്രയത്നങ്ങൾ മാത്രമല്ല, ദൈവികപിന്തുണയും അത് പ്രകടമാക്കുന്നതാണ്. ഹുസൂർ (അ) വീണ്ടും പറയുന്നു.

അല്ലാഹു തന്റെ സ്വന്തം കരങ്ങൾ കൊണ്ടാണ് ഈ പ്രസ്ഥാനത്തിന് അസ്തിവാരമിട്ടത്. ഇതിന് വേണ്ടി സമൂഹങ്ങളെ അവൻ തയ്യാറാക്കിയിരിക്കുന്നു. അവ താമസിയാതെ ഇതിൽവന്നു ചേരുന്നതായിരിക്കും. എന്തെന്നാൽ, അസാധ്യമായി ഒരു കാര്യവുമില്ലാത്ത ആ സർവശക്തന്റെ പ്രവർത്തിയാണിത്. ഇതാ, ആ സമയം വന്നെത്തിയിരിക്കുന്നു. ഈ മതത്തിൽ നിർമതത്വത്തിന്റെ അടയാളമോ അതിന്റെ വളരെ താഴ്ന്ന അവസ്ഥ പോലും ശേഷിക്കുന്ന കാലം വിദൂരമല്ല. അന്ധവിശ്വാസികളായ എതിരാളികളുടെ ദൃഷ്ടാന്ത നിഷേധവും ഇനിയുണ്ടാവില്ല. വ്യത്തിഹീനവും ഖുർആൻ വിരുദ്ധവുമായ സമ്പ്രദായങ്ങൾ കൂട്ടി ചേർക്കുന്നവരും ശേഷിക്കുകയില്ല. അല്ലാഹു തഅല ഈ ഉമ്മത്തിനായി വിവിധ മാർഗങ്ങൾ ഭൂമിയിൽ കൊണ്ടുവരുന്നതാണ്. വിശുദ്ധ ഖുർആൻ കൊണ്ടുവന്ന അതേ മാർഗം. റസൂൽ (സ) തിരുമേനി തന്റെ സഹാബത്തിനെ പഠിപ്പിച്ച മാർഗം. സിദ്ദീഖീങ്ങളും ശുഹദാക്കളും സാലിഹീങ്ങളും നേടിക്കൊണ്ടിരുന്ന മാർഗദർശനം ഇതുതന്നെയാണ് സംഭവിക്കുക. കാതുള്ളവർ കേട്ടുകൊള്ളട്ടെ. നേർമാർഗം തുറന്നുകിട്ടിയവരത്രെ ഭാഗ്യവാന്മാർ. ഈ ജൽസ പ്രകൃതത്തിൽ വിപ്ലവം കൊണ്ടുവരാനുള്ള വഴിയാണ്. അങ്ങനെ ആയിരിക്കേണ്ടതുമാണ്.

ലോകത്ത് ജൽസകൾ നടക്കുമ്പോൾ വിവിധ രാജ്യങ്ങൾ പങ്കെടുക്കുന്നു. രാജ്യങ്ങൾ തയ്യാറെടുത്തുകൊണ്ട് ഇതിൽ പങ്കെടുക്കുന്നതിലൂടെ അല്ലാഹു തഅല മസീഹ് മൗഊദ് (അ) ന്റെ വാക്കുകൾക്ക് സാക്ഷാത്കാരം നല്കിയിരിക്കുന്നു. എത്രത്തോളമെന്നാൽ ഈ സമയത്ത് ഖാദിയാനിൽ ഇന്ന് ജൽസ നടന്നുകൊണ്ടിരിക്കുന്നു. ഈ ജൽസയിൽ 31 രാജ്യങ്ങളിലെ പ്രതിനിധികൾ ഉണ്ട്. ആഫ്രിക്ക, ഏഷ്യാ, അറേബ്യ, അമേരിക്ക, യൂറോപ്പ്, ആസ്ത്രേലിയ കൂടാതെ ദ്വീപുകളിൽ നിന്നുള്ള അംഗങ്ങളും ഉണ്ട്. വെറും ഒരു രാജ്യത്തെ ജൽസ നിരോധിച്ചുകൊണ്ട് അഹ്മദിയ്യത്തിന്റെ മേൽ വലിയ വിഘ്നം സൃഷ്ടിച്ചുവെന്ന് എതിരാളികൾ കരുതി. ശത്രുക്കൾ അപക്വരാണ്.

കാലത്തിന്റെ ഇമാം മസീഹ് മൗഊദ് (അ) ന്റെ വിളംബരം

ഞാൻ ജമാഅത്ത് സ്ഥാപിച്ചിരിക്കുന്നുവെന്നല്ല മറിച്ച്, അദ്ദേഹം അരുളിയത് ഈ സരണിയുടെ അസ്തിവാരം അല്ലാഹു തഅലാ തന്റെ സ്വന്തം കരങ്ങളാൽ ബീജാവാപം ചെയ്തതാണെന്ന് അവർ മനസ്സിലാക്കുന്നില്ല. അഹ്മദിയ്യത്തിന്റെ ശത്രുക്കൾക്ക് ചങ്കൂറ്റമുണ്ടെങ്കിൽ സർവശക്തനായ അല്ലാഹുവിനോട് മത്സരിച്ചുകൊള്ളട്ടെ? എന്നാൽ ഓർത്തുകൊള്ളുക! മസീഹ് മൗഊദ് (അ) അല്ലാഹു തഅലായുടെ പ്രത്യേക സഹായവും അനുഗ്രഹവും ഉള്ള അല്ലാഹുവിന്റെ പ്രിയപ്പെട്ടവനാണ്. എതിർക്കുന്നതിന്മുമ്പ് അദ്ദേഹത്തിന്റെ ഈ വിളംബരം ശ്രദ്ധിക്കുക.

"അല്ലയോ എന്റെ ദുഷ്കാമികളെ ജാഗ്രതയോടെ മാത്രം അക്രമിക്കുക"

ശത്രുക്കൾ ഓർക്കേണ്ടതാണ്, ഒരു ഭരണകൂടത്തിനോ, ഇനി ലോകത്തെ മുഴുവൻ ഭരണകൂടങ്ങൾ ഒരുമിച്ച് ചേർന്നാലോ ലോകത്തുനിന്ന് ജമാഅത്ത് അഹ്മദിയ്യായെ നശിപ്പിക്കാൻ കഴിയില്ല. ഇൻശാ അല്ലാഹ് കാരണം, നമ്മുടെ പ്രിയ നബി (സ) കൊണ്ടുവന്ന അല്ലാഹു നൽകിയ സ്ഥായിയായതും യഥാർഥവുമായ പാഠങ്ങളെ അതിന്റെ ശരിയായ അവസ്ഥയിൽ പരിശുദ്ധമാക്കിക്കൊണ്ട് യഥാർഥ രൂപത്തിൽ സ്ഥാപിക്കേണ്ടത് അഹ്മദിയ്യാ ജമാഅത്താണ്. ഒരു സ്ഥലത്ത് ഹദ്റത് മസീഹ് മൗഊദ് (അ) ഇങ്ങനെ അരുളി "ഓർക്കുക! എന്റെ സരണി അല്പമെങ്കിലും ലൗകിക കച്ചവടമാണെങ്കിൽ അതിന്റെ നാമം പോലും അവശേഷിക്കുകയില്ല. എന്നാൽ ഇത് ദൈവത്തിന്റെ പക്കൽ നിന്നുള്ളതാണെങ്കിൽ –തീർച്ചയായും ഇത് അല്ലാഹുവിൽ നിന്നുള്ളതാണ്– ലോകം മുഴുവനും എതിർത്താലും ഇത് വളരുകയും വ്യാപിക്കുകയും ചെയ്യും. മലക്കുകൾ ഇതിനെ സംരക്ഷിക്കും. ഒരാൾ പോലും എന്നോടൊപ്പമില്ലെങ്കിലും ആരും സഹായത്തിനില്ലെങ്കിലും ഈ സിൽസിലാ വിജയിക്കുമെന്നെനിക്കുറപ്പുണ്ട്. "

ശത്രുക്കളുടെ പരിശ്രമത്താൽ ജമാഅത്ത് നശിച്ചു പോകുമെന്നത് എങ്ങനെ സംഭവിക്കാനാണ്. എന്നാൽ ഓർക്കുക നമുക്കും ചില ഉത്തരവാദിത്വങ്ങളുണ്ട്. മസീഹ് മൗഊദ് (അ) സ്ഥാപിച്ച ഈ ജമാഅത്ത് ഒരു സാധാരണ ജമാഅത്തല്ലെന്നും അദ്ദേഹം തുടങ്ങിവെച്ച ഈ ജൽസ ഒരു സാധാരണ ജൽസ അല്ലെന്നും നാമോർക്കണം. ഒരഹ്മദി അഹ്മദിയെന്ന് വിളിക്കപ്പെടുന്നതു പോലും ഒരു നിസ്സാരകാര്യമല്ല. ഹദ്റത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി. ഒരഹ്മദി ബലഹീനനായി പോയ്ക്കളഞ്ഞാലും ഇനി ലോകം മുഴുവൻ എന്നെ വിട്ടൊഴിഞ്ഞാലും അല്ലാഹു തഅല എന്നെ ഒഴിവാക്കുകയില്ല. ഇതവന്റെ വാഗ്ദാനമാണ്. വാഗ്ദത്ത മഹ്ദീ മസീഹ് (അ) ന് ബൈഅത്ത് ചെയ്തുവെന്ന് വാദിക്കുന്ന ഓരോ അഹ്മദിയുടേയും ഉത്തരവാദിത്തം അല്ലാഹുവിന്റെ സഹായത്തിന്റെയും പിന്തുണയുടെയും അവകാശികളായി മാറുന്നതിന് ഹദ്റത് മസീഹ് മൗഊദ് (അ) തന്റെ അനുയായികളിൽ കാണാനാഗ്രഹിച്ച ഒരു വിപ്ലവം തങ്ങളുടെ ഉള്ളിൽ കൊണ്ടുവരണമെന്നതാണ്. ജൽസയിൽ പങ്കെടുക്കുക മാത്രമല്ല, നാം നമ്മെ കുറിച്ച് ഒരു കണക്കെടുപ്പ് നടത്തേണ്ടത് അനിവാര്യമാണ്. മസീഹ് മൗഊദ് (അ) ന്റെ ദുആയുടെ അവകാശികളിൽ നമുക്ക് ഉൾപ്പെടേണ്ടതുണ്ട്. ആ ദുഃആകളിൽ അവകാശം ലഭിക്കാൻ ജൽസകളിൽ പങ്കെടുത്താൽ മാത്രം മതിയോ? മൂന്ന് നാല് മണിക്കൂർ പ്രസംഗം കേട്ട് "നാരെ തക്ബീർ" മുഴക്കിയാൽ കാര്യം കഴിഞ്ഞോ? അങ്ങനെ അല്ല, ഈ ദുഃആകളിൽ അവകാശികളാവാൻ, നാമിവിടെ കേട്ടകാര്യങ്ങൾ, ഈ അന്തരീക്ഷത്തിൽ നാമുണ്ടാക്കിയ ഈ ആവേശം താല്കാലികമാണോ, അതോ നമ്മുടെ ഉത്തരവാദിത്വങ്ങളിൽ സ്ഥിര പ്രാധാന്യം നേടുന്നവരായി മാറിയോ എന്ന് നാം വിചിന്തനം ചെയ്യേണ്ടതുണ്ട്. ജൽസാ സാലാന നമ്മിലുണ്ടാക്കിയ ചലനം മുഖേന അല്ലാഹു തഅലായും റസൂൽ (സ) നമ്മിൽ ഉണ്ടാവാനാഗ്രഹിക്കുന്ന ആ വിപ്ലവം നമ്മിൽ സംജാതമാക്കാൻ സകലശക്തിയുമുപയോഗിച്ച് നാം പരിശ്രമിക്കുമെന്ന് പ്രതിജ്ഞചെയ്യുകയാണെങ്കിൽ നാം ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ദുഃആകളിൽ പങ്കാളികളാവുന്നവരായിക്കൊണ്ടേയിരിക്കും. വാഗ്ദത്ത മസീഹ് (അ) ന്റെ ദുഃആകളിൽ അവകാശികളാവാൻ ദുഃആയും പരിശ്രമവും അത്യാവശ്യമാണ്.

ഹദ്റത് മസീഹ് മൗഊദ് (അ) ജൽസയുമായി ബന്ധപ്പെട്ട് അല്ലാഹുവിനോടുള്ള കടമകൾ നിർവ്വഹിക്കുന്നതിലേക്ക് ഉദ്ബോധിപ്പിച്ചതോടൊപ്പം സൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കുന്നതിലേക്കും ഉദ്ബോധിപ്പിച്ചിട്ടുണ്ട്. ജൽസയിൽ പങ്കെടുക്കുന്നവരോട് തഖ്‌വയിലും പരിശുദ്ധിയിലും കഴിയണം എന്ന് പറഞ്ഞതിന്ശേഷം തന്റെ അനുയായികൾ ഋജുമാനസരായിക്കൊണ്ട് പരസ്പരം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഉന്നതമാതൃക ആയിത്തീരണമെന്ന പ്രതീക്ഷ ഹുസൂർ (അ) വെച്ചു പുലർത്തി. നാം വിനയം പ്രകടിപ്പിക്കുന്നവരും പരസ്പരം ത്യാഗം ചെയ്യാനുള്ള ആവേശം ഉണ്ടാവുന്നവരും സത്യസന്ധതയിലും ജീവിതപരിശുദ്ധിയിലും ഉന്നത നിലവാരം പുലർത്തുന്നവരുമായിരിക്കണം. ദുർഭാവനയിൽ നിന്നും ദുഃസ്സ്വഭാവങ്ങളിൽ നിന്നും നാം അകന്ന് നിൽക്കണം. ഈ ഉന്നതധാർമിക ഗുണങ്ങളിൽ നാം മാതൃകയാണോ എന്ന് നാം ആത്മപരിശോധന നടത്തേണ്ടതുണ്ട്. മറ്റുള്ളവർക്ക് വേണ്ടി ത്യാഗം വരിക്കാൻ ഒരു മാതൃകാ പരിശ്രമം നടത്തുന്നുണ്ടോ?

അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിച്ച നബി(സ) യും സഹാബാക്കളും പ്രദർശിപ്പിച്ച വിനയത്തിന്റെ ആ നിലവാരമാണോ നമ്മിൽ ഉള്ളത്? അല്ലാത്ത പക്ഷം ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ പ്രാർഥനകളിൽ ഭാഗാഭാക്കാകാനും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനും വേണ്ടിയുള്ള നമ്മുടെ ശ്രമങ്ങൾ ഇല്ലാത്തതിന് തുല്യമാണ്. നാം വലിയ പ്രതീക്ഷകളാണ് വെയ്ക്കുന്നത്. ആയതിനാൽ, ലോകത്തെ വിവിധ ജമാഅത്തുകളിൽ നടക്കുന്ന ജൽസകളിൽ പങ്കെടുക്കുന്നവർ പൊതുവായും, മസീഹിന്റെ ഗേഹമായ ഖാദിയാനിലെ ജൽസയിൽ പങ്കെടുക്കുന്നവർ പ്രത്യേകിച്ചും, വാഗ്ദത്ത മസീഹിന്റെ ഈ വേദനയെ മനസ്സിലാക്കേണ്ടതാണ്. വാഗ്ദത്ത മസീഹ് (അ) ജൽസയിൽ പങ്കെടുക്കുന്നവരോട് അത് പ്രകടിപ്പിച്ചിട്ടുള്ളതുമാണ്. നാം യഥാർഥത്തിൽ ആ പ്രാർഥനകളുടെ അവകാശികളായി മാറണമെങ്കിൽ, ഹദ്റത് മസീഹ് മൗഊദ് (അ) വിവിധ സ്ഥലങ്ങളിൽ നമ്മെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞിട്ടുണ്ട് അദ്ദേഹം നമ്മിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നത് എന്ന്. ഭൗതിക ബന്ധങ്ങളിലും നമുക്ക് കാണാം. മാതാപിതാക്കളുടെ സാമീപ്യത്തിലും

അവരുടെ ദുഃആകളിലും ഭാഗഭാക്കാകുന്നത്. അവർ പറയുന്നത് കേൾക്കുകയും അവരെ സേവിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരാണ്. അത്പോലെ, ഹദ്റത് മസീഹ് മൗഊദ് (അ) മായി നാം സ്ഥാപിച്ചിട്ടുള്ള ആ ബന്ധത്തിന്റെ ഫലങ്ങൾ നാം ഭുജിക്കുന്നത് ആ ബന്ധത്തിൽ നാം മുന്നേറുമ്പോഴാണ്. ജൽസയിൽ പങ്കെടുക്കുന്നവർക്ക് വേണ്ടിയുള്ള ദുഃആയുടെ ഖജനാവ് അത് ഖിയാമത്ത് നാൾ വരെ നിലനില്ക്കുന്നതാണ്. ഇതിൽ നിന്ന് അനുഗ്രഹം നേടുന്ന നാം ഭാഗ്യവാന്മാർ ആയിരിക്കും.

വാഗ്ദത്ത മസീഹിന് (അ) തന്റെ ജമാഅത്തംഗങ്ങളെ കുറിച്ചുള്ള പ്രതീക്ഷകളെ സംബന്ധിച്ച് അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ ഞാൻ ചിലത് നിങ്ങളുടെ മുമ്പാകെ വെയ്ക്കുകയാണ്. ഹുസൂർ (അ) പറയുന്നു.

നമ്മുടെ ജമാഅത്ത് ജമാഅത്തായിത്തീരാൻ ആഗ്രഹിക്കുന്നെങ്കിൽ അത് സ്വയം ഒരു മരണം വരിക്കേണ്ടതുണ്ട്. സ്വേഛകളിൽ നിന്ന് വിട്ട് നില്ക്കുകയും എല്ലാ കാര്യത്തിലും അല്ലാഹുവിനെ മുന്തിക്കുകയും വേണം. ഒരുപാട് പ്രകടനാത്മകതകളും ദുഷ്ചെയ്തികളും നിമിത്തം മനുഷ്യൻ നശിക്കുന്നു.

വീണ്ടും പറയുന്നു: നിങ്ങൾ എല്ലാവിധ ദുർവികാരങ്ങളെയും വെടിയുക. നിങ്ങളെ കണ്ടുമുട്ടുന്ന ഓരോ അപരിചിതനും നിങ്ങളെ അളക്കുന്നതാണ്. ധാർമിക ഗുണങ്ങളിലും ശീലങ്ങളിലും സ്ഥിരചിത്തതയിലും ദൈവികകല്പന അനുസരിക്കുന്നതിലും നിങ്ങൾ എങ്ങനെയെന്ന് അവൻ നോക്കുന്നതാണ്. നലതല്ലെങ്കിൽ അവന്റെ വ്യതിചലനത്തിന് അവ കാരണമായിത്തീരും. ആയതിനാൽ ഈ കര്യങ്ങളെല്ലാം നിങ്ങൾ ഓർമ്മവെയ്ക്കുക.

വീണ്ടും ഹുസൂർ (അ) പറയുന്നു: ഏതൊരാൾ ഒരുവനെ അകാരണമായി വധിക്കുന്നുവോ അവൻ യഥാർഥത്തിൽ മുഴുവൻ ജനങ്ങളെയുമാണ് വധിക്കുന്നത്.

പറയുന്നു: ഇത്പോലെ ഞാനും പറയുകയാണ്. തന്റെ സഹോദരനോട് അനുകമ്പ കാണിക്കാത്തവൻ മുഴുലോകത്തോടും അനുകമ്പകാണിക്കാത്തവനാണ്.

പറയുന്നു: വിശ്വാസം പോലും പാഴായിപോകും വിധം ജീവിതത്തെ സ്നേഹിക്കരുത്.

വീണ്ടും പറയുന്നു: അല്ലാഹു മാതൃകയാക്കാൻ ഉദ്ദേശിക്കുന്ന ഈ ജമാഅത്തിൽ തന്നെ സാഹോദര്യവും അനുകമ്പയും ഇല്ലെങ്കിൽ പിന്നെ അത് വല്ലാത്ത അധഃപതനമായിരിക്കും.

വീണ്ടും പറയുന്നു: ഞാൻ നിങ്ങളോട് സത്യമായും പറയുകയാണ് ദീനും ദുനിയാവും ഒരുമിക്കുകയില്ല. അല്ലാഹുവിനോട് പരിശുദ്ധമായ ബന്ധമുള്ളവൻ മറ്റുള്ളവരോട് ഇരക്കുന്നതായി ഒരിക്കലും കേട്ടിട്ടില്ല. അല്ലാഹു അവരുടെ സന്താനങ്ങളിലും കരുണ ചൊരിയുന്നതാണ്.

പറയുന്നു: അനുസരണപ്രതിജ്ഞ പ്രകാരം ദീനിനെ ദുനിയാവിനെക്കാൾ മുന്തിക്കുന്നവനെയാണ് നമ്മുടെ ജമാഅത്തിൽ പെട്ടവനായി ഗണിക്കേണ്ടത്. ഈ പ്രതിജ്ഞയെ മാനിച്ചുകൊണ്ട് ഒരുവൻ അല്ലാഹുവിലേക്ക് തിരിയുമ്പോൾ അല്ലാഹു അവന് ശക്തി നല്കുന്നതാണ്.

വളരെ വേദനയോടെ ഹുസൂർ (അ) പറയുന്നു: വെറും വാചകകസർത്തിൽ മാത്രം നില്ക്കരുത്. മറിച്ച് ബൈഅത്തിന്റെ യഥാർഥ ഉദ്ദേശ്യത്തെ പൂർത്തിയാക്കുന്നവരാകണം. ആന്തരിക മാറ്റം സംജാതമാക്കേണ്ടതാണ്. വെറും സൈദ്ധാന്തിക ദർശനങ്ങൾ കൊണ്ട് നിങ്ങൾക്ക് ദൈവത്തെ സന്തോഷിപ്പിക്കാനാവില്ല. ആന്തരികമാറ്റം ഇല്ലാ എങ്കിൽ നിങ്ങളും മറ്റുള്ളവരും തമ്മിൽ ഒരു വ്യത്യാസവുമില്ല. പറയുന്നു: ആത്മീയ ഉയർച്ചക്കായി നിങ്ങൾ പരിശ്രമിക്കുവിൻ. നമസ്കാരത്തിൽ പ്രാർഥിക്കുവിൻ. ദാനധർമങ്ങളിലൂടെയും മറ്റെല്ലാ മാർഗങ്ങളിലൂടെയും വല്ലദീന ജാഹദൂ ഫീനാ യിൽ നിങ്ങൾ ഉൾപ്പെടുവിൻ.

ജമാഅത്തിന്റെ ആത്മീയവും ധാർമികവുമായ നിലവാരം ഉയർത്തുന്നതിനായി വാഗ്ദത്ത മസീഹ് (അ) ഒരുപാട് ഉപദേശങ്ങൾ നല്കിയിട്ടുണ്ട്. അവയെ മുന്നിൽവെച്ച്കൊണ്ട് നാമും മറ്റുള്ളവരും തമ്മിൽ ഒരു വ്യതിരിക്തത ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. ഇതില്ലാതെ, ബൈഅത്തിന്റെ ലക്ഷ്യം പൂർത്തിയാക്കാൻ നമുക്കാവില്ല.

ഹുസൂർ (അ) വളരെ വ്യക്തമായി പറയുകയുണ്ടായി. വൈജ്ഞാനിക വിജയത്തിന് അതിന്റേതായ പ്രാധാന്യമുണ്ട്. പക്ഷേ, അല്ലാഹുവിന്റെ തൃപ്തി നേടാൻ, അവന്റെ സ്നേഹത്തെ അടുപ്പിക്കാൻ കർമ നിലവാരം ഉയർത്തിക്കൊണ്ട് തന്നിൽ ഒരു മാറ്റം വരുത്തുകയും അല്ലാഹുവിന്റെ കല്പനകളെ ജീവിതത്തിൽ പകർത്തിക്കൊണ്ട് വല്ല ദീന ജാഹദു ഫീനാ എന്ന് അല്ലാഹു പറഞ്ഞവരുടെ കൂട്ടത്തിൽ നാം ഉൾപ്പെടേണ്ടതാണ്.

ഈ പ്രയത്നം അവർ തങ്ങളുടെ സ്വേചഛകളെ ത്യാഗം ചെയ്തുകൊണ്ടും, പ്രാർഥനയും നമസ്കാരവും മുഖേന അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടും ദാനധർമങ്ങൾ നല്കിക്കൊണ്ടുമാണ് ചെയ്യുന്നത്. അല്ലാഹു തൃപ്തിപ്പെടുന്ന എല്ലാമാർഗങ്ങളെയും അവർ പരീക്ഷിക്കുന്നു അത്തരം ആളുകളുടെ ആവേശം കണ്ട് അല്ലാഹു പറയുന്നു: ലനഹ്ദിയന്നഹും സുബുലനാ. അതായത് തീർചയായും നാം അവർക്ക് നമ്മുടെ വഴിയിൽ ചരിക്കാനുള്ള തൗഫീഖ് നൽകുന്നതാണ്. അത്കൊണ്ട് ദൈവസാമീപ്യം കരഗതമാക്കുന്നതിന് ആദ്യം പ്രയതനം അനിവാര്യമാണ്. അപ്പോൾ മാത്രമേ ദൈവസാമീപ്യം ലഭിക്കുകയുള്ളൂ. അത്പോലെ അല്ലാഹുവിന്റെ വരിഷ്ഠരുടെ പ്രാർഥനകളുടെ സ്വീകാര്യതയ്ക്ക് അർഹമായ പ്രയത്നങ്ങളും അനുപേക്ഷണീയമാണ്. ആയതിനാൽ ഈ ജൽസകൾ നമുക്ക് ആ പ്രാർഥനകളിൽ ഭാഗാഭാക്കാകാനുള്ള അന്തരീക്ഷം പ്രദാനം ചെയ്യുന്നു. ഇതിൽ നാം ഒരു ആത്മപരിശോധന നടത്തിക്കൊണ്ട് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിലെ നിലവാരം ഉയർത്താൻ ശ്രമിക്കേണ്ടതാണ്. ദൈവസായൂജ്യത്തിന്റെ വഴികൾ താണ്ടാൻ അത് അനിവാര്യമാണ്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

മറ്റൊരു കാര്യം ഖാദിയാനിലെ ജൽസയിൽ പങ്കെടുക്കുന്നവരോട് പറയാനുള്ളത് വാഗ്ദത്ത മസീഹ് (അ) ജൽസയിൽ പങ്കെടുക്കുന്നവരോട് പറഞ്ഞിട്ടുള്ളത് കാലവസ്ഥയ്ക്കനുയോജ്യമായ പുതപ്പും വിരിപ്പും കൂടെ കൊണ്ടുവരണം എന്നാണ്. അതുകൊണ്ട്, ഇന്ത്യക്കാർ പ്രത്യേകിച്ചും, എന്നല്ല പാക്കിസ്താനികളും പുറത്ത് നിന്ന് വരുന്നവരുമെല്ലാം കാലാവസ്ഥയ്ക്കനുസൃതമായ വസ്ത്രങ്ങൾ കഴിയുന്നിടത്തോളം കൊണ്ടുപോകേണ്ടതാണ്. ആത്മീയാന്തരീക്ഷത്തിൽ നി

ന്നും അനുഗ്രഹം നേടുക എന്നതാണല്ലോ യഥാർഥ ലക്ഷ്യം. അതുകൊണ്ട് ജൽസയിൽ വരുന്നതിനും അതിൽ നിന്നും അനുഗ്രഹം നേടുന്നതിനും കുറച്ച് ക്ലേശങ്ങളിലൂടെ കടന്നു പോകേണ്ടതായിട്ടുണ്ട്. ത്യാഗം വരിക്കേണ്ടതുണ്ട്. ഭൗതിക സുഖങ്ങളിൽ ദൃഷ്ടി പതിപ്പിക്കുന്നതിനുപകരം ഈ കാര്യങ്ങളെ തേടിക്കൊണ്ടിരിക്കുക. അവ നേടാൻ ശ്രമിക്കുക. വാഗ്ദത്ത മസീഹ്(അ) നമ്മിൽ നിന്ന് ആഗ്രഹിക്കുന്നതും ഇതാണ്.

പഴയ അഹ്മദികളായ ചിലർക്ക് എന്നോട് പരാതികളാണെങ്കിൽ ഒരുപാട് ആണ്.

ഭൗതിക വലയം ചെയ്തിട്ടുള്ള അത്തരം ആളുകളോട് എനിക്ക് പറയാനുള്ളത് നിങ്ങൾ പുതുതായി വരുന്നവരുടെ സ്വഭാവഗുണങ്ങളും ആത്മാർഥതയും നോക്കുക എന്നാണ്.

ദുഃആകളിൽ മുഴുകുക. ഈ ദിനങ്ങളിൽ തങ്ങളുടെ വിശ്വാസ ദൃഢീകരണത്തിന് വേണ്ടി ദുഃആ ചെയ്യുന്നതോടൊപ്പം ജമാഅത്തിന്റെ പുരോഗതിക്കും ഖിലാഫത്തുമായുള്ള ബന്ധം വർദ്ധിക്കുന്നതിനും വേണ്ടി പ്രാർഥിക്കുക. വാഗ്ദത്ത മസീഹ് (അ) ന്റെ പ്രതീക്ഷകൾക്കൊത്ത് ഉയരാൻ വേണ്ടി ദുഃആ ചെയ്യുക. വിശ്വാസികളുടെ പ്രാർഥനകൾ പരസ്പരം സഹായിയായി വർത്തിക്കുന്നതാണ്. ജമാഅത്തിന് വേണ്ടി, കാലത്തിന്റെ ഖലീഫയ്ക്ക് വേണ്ടി, മറ്റുള്ളവർക്കുവേണ്ടി ദുഃആ ചെയ്യുന്നവരും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാകുന്നതാണ്. ഇൻശാ അല്ലാഹ് നിങ്ങളുടെ ദുഃആകൾ വാഗ്ദത്ത മസീഹ് തന്റെ ജമാഅത്തിന് വേണ്ടി ചെയ്ത ദുഃആകളുടെ ഭാഗമായിത്തീരുന്നതാണ്. ജൽസ നല്ല രീതിയിൽ അവസാനിക്കാനും ശത്രുക്കളിൽ നിന്നുള്ള കുഴപ്പങ്ങൾ അവരിലേക്ക് തന്നെ മടങ്ങുന്നതിനു വേണ്ടിയും ദുഃആ ചെയ്യുക. ശത്രു എവിടെ എന്തും ചെയ്യാം. വാഗ്ദത്ത മസീഹ്(അ) ന്റെ മിഷനും ലക്ഷ്യവും വളരെ വേഗം പൂർത്തിയായിക്കാണുവാൻ ദുഃആ ചെയ്യുക. തങ്ങളുടെ ദിനരാത്രങ്ങൾ ദൈവസ്മരണയിൽ കഴിച്ചു കൂട്ടുക. അപ്പോൾ മാത്രമേ ജൽസയിൽ പങ്കെടുക്കുന്നതിന്റെ ലക്ഷ്യം പൂർത്തിയാക്കുന്നവരായി നാം മാറുകയുള്ളൂ. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. മുഹമ്മദീ മസീഹിനോടൊപ്പം നബി തിരുമേനി (സ) യുടെ കൊടിക്കീഴിൽ നാം ഒരുമിച്ചു കൂടുന്ന ആ കാഴ്ച അല്ലാഹു എത്രയും വേഗം കാണിക്കുമാറാകട്ടെ. ആമീൻ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 26.12.14
Summarized by Majlis Ansarullah,Bharat
Malayalam Translation : Mau.Arif Mohammad For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala

To